# പതിനാലാം കേരള നിയമസഭ
# (പതിമൂന്നാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3428** **10.12.2018-ൽ മറുപടിയ്ക്ക്**

## കടലുണ്ടിക്കടവ് ഫിഷ് ലാൻറിംഗ് സെന്റർ പുനരുദ്ധാരണം

| ചോദ്യം<br>ശ്രീ.അബ്ദുൽ ഹമീദ് പി. | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) ഈ സർക്കാരിന്റെ കാലത്ത് വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ ഹാർബർ എഞ്ചിനിയറിംഗ് മുഖേന പുനരുദ്ധാരണത്തിനായി തിരഞ്ഞെടുത്ത റോഡുകളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത റോഡുകളുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് ആരെല്ലാം അപേക്ഷകൾ നൽകിയിട്ടുണ്ട്; അവരുടെ പേരു വിവരങ്ങൾ നൽകാമോ; | എ) ഈ സർക്കാരിന്റെ കാലത്ത് വള്ളിക്കുന്ന് നിയോജക മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് മുഖേന പുനരുദ്ധാരണത്തിനായി തിരഞ്ഞെടുത്ത റോഡുകളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ബി) വള്ളിക്കുന്ന് തീരദേശമേഖലയിലെ കടലുണ്ടിക്കടവ് ഫിഷ് ലാൻറിംഗ് സെന്റർ പുനരുദ്ധരിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | ബി) വള്ളിക്കുന്ന് റിവർ മൗത്ത് എഫ്.എൽ.സി(കടലുണ്ടി കടവ് എഫ്.എൽ.സി) എം.എൽ.എ യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് 46.00 ലക്ഷം രൂപയ്ക്ക് പൂർത്തീകരിച്ചു. |
| സി) തീരദേശ മേഖലയിലെ കുടിവെള്ള പ്രശ്ന പരിഹാരത്തിനായി ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ വ്യക്തമാക്കുമോ; ഏതൊക്കെ ഏജൻസി മുഖേനയാണ് പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ? | സി) തീരദേശ മേഖലയിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനായി 2007-08 മുതൽ 2015-16 വരെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി 100.05 കോടി രൂപ അടങ്കൽ വരുന്ന 118 പദ്ധതികൾ നടപ്പാക്കി വരുന്നു. ഇതിൽ 95 പദ്ധതികൾ പൂർത്തീകരിച്ചിട്ടു ണ്ട്. 2018-19 വർഷത്തിൽ കോഴിക്കോട് ജില്ലയിലെ അഴിയൂർ ഗ്രാമപഞ്ചായത്തിലെ ചോമ്പാല മുതൽ പൂഴിത്തല വരെയുള്ള (വാർഡ് 13, 14, 15, 16) വാർഡുകളിൽ, കുടിവെള്ള പ്രശ്ന പരിഹാരത്തിനായി 15 ലക്ഷം രൂപയുടേയും കണ്ണൂർ, മാട്ടൂൽ ഗ്രാമ പഞ്ചായത്തിലെ മാട്ടൂൽ - മടക്കര മുനമ്പ് കുടിവെള്ള പദ്ധതിയ്ക്ക് 17.7 ലക്ഷം രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. പദ്ധതികൾ കേരള സംസ്ഥാന വാട്ടർ അതോറിറ്റി മുഖേനയാണ് നടപ്പാക്കുന്നത്. |

**സെക്ഷൻ ആഫീസർ**

# അനുബന്ധം-1

| ക്രമ നം. | റോഡിന്റെ പേര് | വിശദ വിവരം | നിർദ്ദേശിച്ച ആളുടെ പേര് |
|---|---|---|---|
| 1 | പുറാഞ്ചേരി കോട്ടക്കടവ് റോഡ് – കിഴക്കേമല അംഗനവാടി കാഞ്ഞിരപ്പൊറ്റ റോഡ് | 60.4 ലക്ഷം. 90% പൂർത്തീകരിച്ചു. | കെ.എൻ.എ. ഖാദർ, എം.എൽ.എ |
| 2 | വാർഡ് 4 ബാലാതുരുത്തി അപ്രോച്ച് റോഡ് | 97.2 ലക്ഷം . 30% പൂർത്തീകരിച്ചു | ശ്രീ. പട്ടായിയിൽ ബാബുരാജൻ, മെമ്പർ |
| 3 | വാർഡ് 8 കല്ലടശ്ശേരി ചാരക്കടവ് റോഡ് | 27.2 ലക്ഷം 100% പൂർത്തീകരിച്ചു. | ശ്രീ. പട്ടായിയിൽ ബാബുരാജൻ, മെമ്പർ |
| 4 | വാർഡ് 9 പരുത്തിക്കടവ് ഇരുമ്പോത്തിങ്ങൽ പാതാറ റോഡ് | 21.6 ലക്ഷം. 100% പൂർത്തീകരിച്ചു | ശ്രീ. പട്ടായിയിൽ ബാബുരാജൻ, മെമ്പർ |
| 5 | ആനയാറ്റിൽ ആനയറങ്ങാടി റോഡ് | 23.3 ലക്ഷം 100% പൂർത്തീകരിച്ചു. | ശ്രീമതി. ഷൈമലത, മെമ്പർ |
| 6 | കുഞ്ഞാലിനഗർ അംഗനവാടി റോഡ് | 27.00 ലക്ഷം 100% പൂർത്തീകരിച്ചു. | ശ്രീ. അബ്ദുൽഹമീദ് എം.എൽ.എ |
| 7 | വട്ടോളി പുല്ലാട് മണ്ണട്ടം പാറ റോഡ് | 101.30 ലക്ഷം ഭരണാനുമതി നൽകി. സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. | തിരൂരങ്ങാടി പൊതുപ്രവർത്തകർ |
| 8 | എൻ വി റോഡ് | 35.00 ലക്ഷം പ്രവൃത്തി ടെണ്ടർ ചെയ്തു. | തിരൂരങ്ങാടി പൊതുപ്രവർത്തകർ |
| 9 | കീഴേപ്പാട്ട് പത്മനാഭൻ സ്മാരക റോഡ് | 20.00 ലക്ഷം പ്രവൃത്തി ടെണ്ടർ ചെയ്തു | തിരൂരങ്ങാടി പൊതുപ്രവർത്തകർ |
| 10 | പരോൾ ചേറായ പടിക്കപ്പുറം മണ്ണട്ടം പാറ റോഡ് | 48.60 ലക്ഷം ഭരണാനുമതി നൽകി. സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. | തിരൂരങ്ങാടി പൊതുപ്രവർത്തകർ |
| 11 | കൊങ്ങൻ ബസാർ പുഞ്ചപ്പാടം റോഡ് | 40.20 ലക്ഷം ഭരണാനുമതി ലഭിച്ചു. സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. | തിരൂരങ്ങാടി പൊതുപ്രവർത്തകർ |

| | | | |
|---|---|---|---|
| 12 | ആനയറങ്ങാടി ബാലാതുരുത്തി റോഡ് | 20.00 ലക്ഷം ഭരണാനുമതി നൽകി. സാങ്കേതികാനുമതി ക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. | തിരൂരങ്ങാടി പൊതുപ്രവർത്തകർ |
| 13 | അരിയല്ലൂർ മിനി സ്റ്റേഡിയം റോഡ് | 43.00 ലക്ഷംഭരണാനുമതി നൽകി. എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. | ശ്രീ. അബ്ദുൽഹമീദ് എം.എൽ.എ |
| 14 | പള്ളിപ്പടി അമ്മഞ്ചുർ റോഡ് | 13.50 ലക്ഷം. ഭരണാനുമതി നൽകി. എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. | ശ്രീ. അബ്ദുൽഹമീദ് എം.എൽ.എ |

**സെക്ഷൻ ആഫീസർ**